KERALA POLICE INFORMATION CENTRE
Ph: 0471 2318188 Email: *info.pol@kerala.gov.in*

No.109/PR/PIC/PHQ/17 Date : 29.04.2018

## എസ്.പി. മാർക്ക് യാത്രയയപ്പ് നൽകി

സർവ്വീസിൽ നിന്ന് വിരമിക്കുന്ന എം മുഹമ്മദ് ഷബീർ (ക്രൈം ബ്രാഞ്ച് ഒ.സി.ഡബ്ലിയു), റ്റി.സി. വേണുഗോപാലൻ (ക്രൈം ബ്രാഞ്ച് ഇ.ഒ.ഡബ്ലിയു) എന്നീ എസ്.പി. മാർക്ക് കേരള പോലീസ് ആസ്ഥാനത്ത് ഹൃദ്യമായ യാത്രയയപ്പ് നൽകി.

37 വർഷത്തെ സേവനത്തിനുശേഷം വിരമിക്കുന്ന എം മുഹമ്മദ് ഷബീർ സബ് ഇൻസ്പെക്ടറായാണ് സർവിസ് ജീവിതം ആരംഭിക്കുന്നത്. വിവിധ ജില്ലകളിൽ സബ്ബ് ഇൻസ്പെക്ടർ, സർക്കിൾ ഇൻസ്പെക്ടർ, ഡിവൈ എസ് പി തുടങ്ങിയ ചുമതലകൾ വഹിച്ചശേഷം 2008 ൽ എസ് പി യായി സ്ഥാനക്കയറ്റവും 2013 ൽ ഐ പി എസ് സെലക്ഷനും ലഭിച്ചു. എസ് പി ഇന്റലിജൻസ്, പോലീസ് ആസ്ഥാനത്തെ അസിസ്റ്റന്റ് ഇൻസ്പെക്ടർ ജനറൽ, ക്രൈം ബ്രാഞ്ച് എസ് പി, എന്നീ തസ്തികകളിൽ തുടർന്ന് ജോലി ചെയ്തിട്ടുണ്ട്. സ്തുത്യർഹസേവനത്തിന് രാഷ്ട്രപതിയുടെ പോലീസ് മെഡലും കുറ്റാന്വേഷണ മികവിനുള്ള സംസ്ഥാന പോലീസ് മേധാവിയുടെ 38 സദ്സേവന രേഖകളുമുൾപ്പെടെ നിരവധി അംഗീകാരങ്ങൾ ലഭിച്ചിട്ടുണ്ട്.

37 വർഷത്തെ സേവനത്തിനുശേഷം വിരമിക്കുന്ന റ്റി സി വേണുഗോപാലൻ സബോർഡിനേറ്റ് സർവ്വീസിലെ സേവനത്തിനുശേഷം 1995 മുതൽ സബ്ബ് ഇൻസ്പെക്ടർ, സർക്കിൾ ഇൻസ്പെക്ടർ , ഡിവൈ എസ് പി എന്നീ ചുമതലകളിൽ വിവിധ ജില്ലകളിൽ പ്രവർത്തിച്ചിട്ടുണ്ട്. 2017 ൽ എസ് പി യായി സ്ഥാനക്കയറ്റം ലഭിച്ചതിനെത്തുടർന്ന് ക്രൈംബ്രാഞ്ചിലും സേവനം അനുഷ്ഠിച്ചു. കൊലപാതകക്കേസുകളുൾപ്പെടെ നിരവധി ദുരൂഹമായ കേസുകൾ സ്തുത്യർഹമായി തെളിയിച്ച റ്റി സി വേണുഗോപാലന് മികച്ച സേവനത്തിന് സംസ്ഥാന പോലീസ് മേധാവിയുടെ ബാഡ്ജ് ഓഫ് ഓണർ ഉൾപ്പെടെ വിവിധ അംഗീകാരങ്ങൾ ലഭിച്ചിട്ടുണ്ട്.

കുറ്റാന്വേഷണം, ഇന്റലിജൻസ് ഉൾപ്പെടെ വിവിധ പോലീസ് പ്രവർത്തനങ്ങളിൽ സ്തുത്യർഹമായി പ്രവർത്തനം നടത്തിയ ഉദ്യോഗസ്ഥരാണ് എം മുഹമ്മദ് ഷബീർ , വേണുഗോപാലൻ റ്റി സി എന്നിവർ പോലീസ് സേനയ്ക്ക് മികച്ച സേവനം നൽകിയ ഉദ്യോഗസ്ഥരാണെന്ന് ചടങ്ങിൽ സംസ്ഥാന പോലീസ് മേധാവി പറഞ്ഞു. കേരള പോലീസിന്റെ മെമെന്റോയും വിരമിക്കുന്ന പോലീസ് ഓഫീസർമാർക്ക് സംസ്ഥാന പോലീസ് മേധാവി നൽകി.

ഡി.ജി.പിമാരായ എൻ.സി.അസ്താന, എ.ഹേമചന്ദ്രൻ, എ.ഡി.ജി.പി. മാരായ ആർ. ശ്രീലേഖ, ഡോ.ബി.സന്ധ്യ, ഷേയ്ക്ക് ദർവേഷ് സാഹിബ്, എസ് പി യായ ആർ നിശാന്തിനി എന്നിവർ സംസാരിച്ചു. എ ഐ ജി മാരായ വി ഗോപാൽ കൃഷ്ണൻ സ്വാഗതവും ഹരിശങ്കർ നന്ദിയും പറഞ്ഞു. ഐ ജി മാരായ മനോജ് എബ്രഹാം, ദിനേന്ദ്ര കശ്യപ്, പി വിജയൻ, ഡി ഐ ജി മാരായ പി പ്രകാശ്, കെ സേതുരാമൻ, എസ് പി മാർ മറ്റ് ഉന്നത ഉദ്യോഗസ്ഥർ തുടങ്ങിയവർ പങ്കെടുത്തു.

ഫോട്ടോ ക്യാപ്ഷൻ : 1. സർവ്വീസിൽ നിന്നും വിരമിക്കുന്ന എം മുഹമ്മദ് ഷബീർ 2 .സർവ്വീസിൽ നിന്നും വിരമിക്കുന്ന വേണുഗോപാൽ റ്റി.സി. 3. സർവ്വീസിൽ നിന്ന് വിരമിക്കുന്ന എസ്.പി. മാരായ എം മുഹമ്മദ് ഷബീർ , വേണുഗോപാലൻ റ്റി സി. എന്നിവർക്ക് കേരള പോലീസ് ആസ്ഥാനത്ത് സംസ്ഥാന പോലീസ് മേധാവി യാത്രയയപ്പ് നൽകിയപ്പോൾ. ഡി ജി പി എൻ.സി.അസ്താന, എ.ഹേമചന്ദ്രൻ, ആർ. ശ്രീലേഖ എന്നിവർ സമീപം.